| 08-10-2024 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - ബുദ്ധിയെ ശുദ്ധമാക്കണമെങ്കിൽ ഒരേയൊരു ബാബയുടെ ഓർമ്മയിൽ ഇരിക്കൂ, ഓർമ്മയിലൂടെ മാത്രമാണ് ആത്മാവ് ശുദ്ധമായി മാറുന്നത്**

**ചോദ്യം:-** വർത്തമാന സമയത്ത് മനുഷ്യർ തന്റെ സമയവും പണവും എങ്ങനെയാണ് വ്യർത്ഥമാക്കുന്നത്?

**ഉത്തരം:-** ആരെങ്കിലും ശരീരം ഉപേക്ഷിച്ചാൽ അതിന് പിറകെ എത്ര പണമാണ് ചിലവാക്കുന്നത്. ശരീരം ഉപേക്ഷിച്ച് പോയ്ക്കഴിഞ്ഞാൽ പിന്നീട് അതിന് ഒരു മൂല്യവുമില്ല, അതുകൊണ്ട് ശരീരത്തിന് പിറകെ എന്ത് തന്നെ ചെയ്താലും അതിൽ തന്റെ സമയവും പണവും വ്യർത്ഥമാവുകയാണ്.

**ഓം ശാന്തി**. ആത്മീയ അച്ഛനിരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്, ബ്രഹ്മാബാബയും ഇങ്ങനെ പറയാറില്ലേ, പിന്നീട് ബാബയാണോ അതോ ദാദയാണോ. ദാദയും പറയും ആത്മീയ അച്ഛൻ നിങ്ങൾ കുട്ടികൾക്ക് ഈ ജ്ഞാനം കേൾപ്പിക്കുകയാണ് - ഭൂതം, ഭാവി, വർത്തമാനത്തിന്റെ ജ്ഞാനം. വാസ്തവത്തിൽ സത്യയുഗം മുതൽ ത്രേതായുഗം വരെ എന്താണ് സംഭവിച്ചത് എന്നതാണ് മുഖ്യമായ കാര്യം. ബാക്കി ദ്വാപര കലിയുഗങ്ങളിൽ ആരെല്ലാം വന്നു, എന്ത് സംഭവിച്ചു, എന്നതിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ഒരുപാടുണ്ട്. സത്യ-ത്രേതായുഗങ്ങളിലെ ചരിത്രവും ഭൂമിശാസ്ത്രവും ഇല്ല ബാക്കി എല്ലാവരുടേയും ചരിത്രവും ഭൂമിശാസ്ത്രവുമുണ്ട്, ദേവീ ദേവതകളെ ലക്ഷക്കണക്കിന് വർഷം മുന്നിലേയ്ക്ക് കൊണ്ടുപോയി. ഇതാണ് പരിധിയില്ലാത്ത അവിവേകം. നിങ്ങളും പരിധിയില്ലാത്ത അവിവേകത്തിലായിരുന്നു. ഇപ്പോൾ അൽപാൽപം മനസ്സിലാക്കുന്നുണ്ട്. ചിലർ ഇപ്പോഴും ഒന്നും തന്നെ മനസ്സിലാക്കിയിട്ടില്ല. വളരെ അധികം മനസ്സിലാക്കാനുണ്ട്. ബാബ അബുവിന്റെ മഹിമ മനസ്സിലാക്കിത്തന്നിട്ടുണ്ട്, ഇതിനെക്കുറിച്ച് ചിന്തിക്കണം. നിങ്ങൾ ഇവിടെ ഇരിക്കുകയാണ് എന്നത് നിങ്ങളുടെ ബുദ്ധിയിൽ വരണം. നിങ്ങളുടെ ഓർമ്മചിഹ്നമായ ദിൽവാഡാ ക്ഷേത്രം എപ്പോഴാണ് നിർമ്മിച്ചത്, എത്ര വർഷങ്ങൾക്ക് ശേഷമാണ് നിർമ്മിച്ചത്. പറയുന്നു 1250 വർഷമായെന്ന് എങ്കിൽ ബാക്കി എത്ര വർഷമുണ്ട്? 3750 വർഷമുണ്ട്. അപ്പോൾ അവർ ഇപ്പോഴത്തെ(സംഗമയുഗം) ഓർമ്മചിഹ്നവും വൈകുണ്ഠത്തിന്റെ ഓർമ്മചിഹ്നവും നിർമ്മിച്ചു. ക്ഷേത്രങ്ങളുടേയും മത്സരം ഉണ്ടാകുമല്ലോ. ഒന്ന് അടുത്തതിനേക്കാൾ നന്നായി നിർമ്മിക്കും. ഇപ്പോൾ നിർമ്മിക്കാൻ പൈസ എവിടെയാണുള്ളത്. പണ്ട് വളരെയധികം പണമുണ്ടായിരുന്നു, സോമനാഥക്ഷേത്രം എത്ര വലുതായാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇപ്പോൾ പണിയാൻ സാധിക്കില്ല. ആഗ്ര മുതലായ ഇടങ്ങളിൽ നിർമ്മിക്കുന്നുണ്ട് പക്ഷേ അതെല്ലാം വെറുതേയാണ്. മനുഷ്യർ അന്ധകാരത്തിലല്ലേ. വിനാശം വരുന്നതു വരെ നിർമ്മിച്ചുകൊണ്ടിരിക്കും. ഈ കാര്യങ്ങൾ ആർക്കും അറിയില്ല. പൊളിക്കുകയും പണിയുകയും ചെയ്യുന്നു. പൈസ വെറുതേ ചിലവായിക്കൊണ്ടിരിക്കും. എല്ലാം വ്യർത്ഥമായിക്കൊണ്ടിരിക്കുകയാണ്. സമയം നഷ്ടം, പണം നഷ്ടം, ഊർജവും നഷ്ടം. ആരെങ്കിലും മരിച്ചാൽ എത്ര സമയം വ്യർത്ഥമാക്കുന്നു. നമ്മൾ ഒന്നും ചെയ്യുന്നില്ല. ആത്മാവ് പോയിക്കഴിഞ്ഞു, ബാക്കി വസ്ത്രം കൊണ്ട് എന്ത് കാര്യം. സർപ്പം തോൽ ഉപേക്ഷിക്കുന്നു, അതിന് എന്തെങ്കിലും മൂല്യമുണ്ടോ. ഒന്നുമില്ല. ഭക്തിമാർഗ്ഗത്തിൽ ശരീരത്തിന് മൂല്യമുണ്ട്. ജഢചിത്രത്തിന്റെ പൂജ എത്ര ചെയ്യുന്നു. എന്നാൽ അവർ എപ്പോൾ വന്നു, എങ്ങനെ വന്നു ഒന്നും അറിയില്ല. ഇതിനെയാണ് ഭൂതപൂജ എന്നു പറയുന്നത്. 5 തത്വങ്ങളുടെ പൂജ ചെയ്യുന്നു. മനസ്സിലാക്കൂ ഈ ലക്ഷ്മീ നാരായണന്മാർ സ്വർഗ്ഗത്തിൽ രാജ്യം ഭരിച്ചിരുന്നു, ശരി 150 വയസ്സ് പൂർത്തിയായി, ശരീരം ഉപേക്ഷിച്ചു, അത്രയേയുള്ളൂ. ശരീരം കൊണ്ട് ഒരു കാര്യവുമില്ല. അവിടെ അതിന് എന്ത് മൂല്യമുണ്ടാകും. ആത്മാവ് പോയി, ശരീരം ചണ്ഡാലന്റെ കൈയ്യിൽ കൊടുത്തു അദ്ദേഹം സമ്പ്രദായമനുസരിച്ച് ദഹിപ്പിക്കും. പിന്നീട് അവരുടെ ചിതാഭസ്മം എടുത്തുവെയ്ക്കുകയൊന്നുമില്ല. ഒന്നും ചെയ്യില്ല. ഇവിടെ എന്തെല്ലാമാണ് ചെയ്യുന്നത്. ബ്രാഹ്മണനെ കഴിപ്പിക്കുന്നു, അങ്ങനെ ചെയ്യുന്നു. അവിടെ ഇങ്ങനെയൊന്നും ചെയ്യില്ല. ശരീരം ഒന്നിനും ഉപകാരപ്പെടില്ല. ശരീരത്തെ കത്തിക്കുന്നു. ബാക്കി ചിത്രം ഉണ്ടാകും. അതും കൃത്യമായ ചിത്രം ലഭിക്കില്ല. ഈ ആദിദേവന്റെ കല്ലുകൊണ്ടുള്ള മൂർത്തി കൃത്യമാണോ. പൂജ എപ്പോൾ ആരംഭിച്ചോ അപ്പോഴുള്ളതാണ് കല്ലുകൊണ്ടുള്ളത്. വാസ്തവത്തിൽ ഉള്ളത് കത്തി നശിച്ചുപോയില്ലേ പിന്നീട് ഭക്തിമാർഗ്ഗത്തിലാണ് ഇത് വന്നത്. ഈ കാര്യങ്ങളെക്കുറിച്ചും ചിന്തപോകണം. അബുവിന്റെ മഹിമയെ നല്ലരീതിയിൽ തെളിയിക്കണം. നിങ്ങളും ഇവിടെ ഇരിക്കുകയാണ്. ഇവിടെ ഇരുന്ന് തന്നെയാണ് ബാബ വിശ്വത്തെ നരകത്തിൽ നിന്നും സ്വർഗ്ഗമാക്കി മാറ്റുന്നത് അതിനാൽ ഉയർന്നതിലും ഉയർന്ന തീർത്ഥസ്ഥാനം ഇതുതന്നെയാണ്. ഇപ്പോൾ അത്രയും ഭാവനയില്ല ഒരു ശിവനിൽ മാത്രമാണ് ഭാവന, എവിടെ പോയാലും അവിടെ തീർച്ചയായും ശിവക്ഷേത്രമുണ്ടാകും. അമർനാഥിലും ശിവൻ തന്നെയാണുള്ളത്. ശങ്കരൻ പാർവ്വതിയെ അമരകഥ കേൾപ്പിച്ചു എന്നു പറയുന്നു. അവിടെ കഥയുടെ കാര്യമേയില്ല. മനുഷ്യന്

വിവേകം ഒട്ടുമില്ല. ഇപ്പോൾ നിങ്ങൾക്ക് ബുദ്ധി വന്നു, എന്താ ഇതെല്ലാം മുമ്പ് അറിയുമായിരുന്നോ.

ഇപ്പോൾ ബാബ അബുവിന്റെ എത്ര മഹിമ പാടുന്നു. സർവ്വ തീർത്ഥങ്ങളിലും വെച്ച് ഇതാണ് ശ്രേഷ്ഠമായ തീർത്ഥസ്ഥാനം. ബാബ വളരെ അധികം മനസ്സിലാക്കിത്തരുന്നുണ്ട്, എന്നാൽ വിശിഷ്ട സന്താനങ്ങളുടെ ബുദ്ധിയിൽ ഇരിക്കണം, ഇപ്പോഴാണെങ്കിൽ ദേഹാഭിമാനം വളരെയുണ്ട്. ജ്ഞാനം വളരെ അധികം വേണം. ശുദ്ധത ഇനിയും വരണം. ഇപ്പോൾ പലർക്കും യോഗം ബുദ്ധിമുട്ടായി തോന്നുന്നുണ്ട്. യോഗത്തോടൊപ്പം ജ്ഞാനവും വേണം. യോഗത്തിൽ മാത്രം ഇരിക്കണം ഇങ്ങനെയല്ല. യോഗത്തിൽ ജ്ഞാനം തീർച്ചയായും വേണം. ഡൽഹിയിൽ ജ്ഞാന വിജ്ഞാന ഭവനം എന്ന് പേരുവെച്ചിട്ടുണ്ട് എന്നാൽ ഇതിന്റെ അർത്ഥം എന്താണ്, ഇത് മനസ്സിലാക്കുന്നുണ്ടോ. ജ്ഞാനവും വിജ്ഞാനവും സെക്കന്റിന്റേതാണ്. ശാന്തിധാമവും സുഖധാമവും. പക്ഷേ മനുഷ്യരിൽ അല്പംപോലും ബുദ്ധിയില്ല. അർത്ഥം മനസ്സിലാക്കുന്നില്ല. ചിന്മയാനന്ദൻ മുതലായ എത്ര വലിയ വലിയ സന്യാസിമാരുണ്ട്, ഗീത കേൾപ്പിക്കുന്നു, അവർക്ക് എത്ര ഫോളോവേഴ്സാണ്. ഏറ്റവും വലിയ ജഗദ്ഗുരു ഒന്നേയുള്ളു. അച്ഛനേയും ടീച്ചറേയും വെച്ച് മുതിർന്നത് ഗുരുവാണ്. സ്ത്രീ ഒരിയ്ക്കലും രണ്ടാമത് ഒരു പതിയെ സ്വീകരിക്കില്ല അതിനാൽ  രണ്ടാമത് ഒരു ഗുരുവിനേയും സ്വീകരിക്കാൻ പാടില്ല. ഒരു ഗുരുവിനെ സ്വീകരിച്ചുവെങ്കിൽ അവർ തന്നെ സദ്ഗതി നൽകണം എങ്കിൽ രണ്ടാമത് ഒരു ഗുരു എന്തിനാണ്? സദ്ഗുരു ഒരേയൊരു ബാബയാണ്. സർവ്വരുടേയും സദ്ഗതി ചെയ്യുന്നവർ. പക്ഷേ ഒരുപാടുപേരുണ്ട് അവർ ഈ കാര്യങ്ങളെ തീർത്തും തന്നെ മനസ്സിലാക്കുന്നില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഇവിടെ രാജധാനി സ്ഥാപിക്കുകയാണ്, എങ്കിൽ നമ്പർവൈസ് ആയിരിക്കില്ലേ. ചിലർക്ക് അല്പം പോലും മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഡ്രാമയിൽ പാർട്ട് അങ്ങനെയാണ്. ടീച്ചർക്ക് മനസ്സിലാക്കാൻ കഴിയും. ഏത് ശരീരത്തിലൂടെയാണോ മനസ്സിലാക്കിത്തരുന്നത് അദ്ദേഹവും അറിയുന്നുണ്ടാകും. ശർക്കരയ്ക്കുമറിയാം ശർക്കരഭരണിയ്ക്കുമറിയാം. ശർക്കര എന്ന് ശിവബാബയെയാണ് പറയുന്നത്, ബാബയ്ക്ക് എല്ലാവരുടേയും അവസ്ഥ അറിയാം. ഓരോരുത്തരുടേയും പഠിപ്പിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും – ആര് എങ്ങനെ പഠിക്കുന്നു, എത്ര സേവനം ചെയ്യുന്നു. ബാബയുടെ സേവനത്തിൽ ജീവിതത്തെ എത്ര സഫലമാക്കുന്നു. ബ്രഹ്മാവ് വീട് ഉപേക്ഷിച്ചു അതിനാലാണ് ലക്ഷ്മീ നാരായണനായി മാറിയത്–ഇങ്ങനെയല്ല. പരിശ്രമിക്കുന്നുണ്ടല്ലോ. ഈ ജ്ഞാനം വളരെ ശ്രേഷ്ഠമാണ്. ആരെങ്കിലും ബാബയുടെ അവജ്ഞ ചെയ്യുകയാണെങ്കിൽ പൂർണ്ണമായും കല്ലായി മാറും. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്– ഇത് ഇന്ദ്രസഭയാണ്. ശിവബാബ ജ്ഞാനമഴ പെയ്യിക്കുകയാണ്. ബാബയുടെ അവജ്ഞ ചെയ്യുകയാണെങ്കിൽ ശാസ്ത്രങ്ങളിൽ എഴുതി വെച്ചിട്ടുണ്ടല്ലോ കല്ലുബുദ്ധിയായി മാറിയെന്ന്, അതിനാൽ ബാബ എല്ലാവർക്കും എഴുതിക്കൊണ്ടിരിക്കുന്നു. കൂടെ ആരെയെങ്കിലും കൊണ്ടുവരുമ്പോൾ വളരെ ശ്രദ്ധിക്കൂ. വികാരിയും അപവിത്രവുമായ ആരും ഇവിടെ വന്ന് ഇരിക്കരുത്. ഇല്ലെങ്കിൽ കൊണ്ടുവരുന്ന ബ്രാഹ്മിണിയുടെ മേലാകും ദോഷം. ഇങ്ങനെ ആരെയും കൊണ്ടുവരരുത്. വലിയ ഉത്തരവാദിത്വമാണ്. വളരെ ഉയർന്നതിലും ഉയർന്ന ബാബയാണ്. നിങ്ങൾക്ക് വിശ്വത്തിന്റെ ചക്രവർത്തീ പദം നൽകുന്നു എങ്കിൽ ബാബയ്ക്ക് എത്ര ആദരവ് നൽകണം. വളരെപ്പേർക്ക് മിത്ര സംബന്ധികളെ ഓർമ്മ വരുന്നു എന്നാൽ ബാബയുടെ ഓർമ്മയില്ല. ഉള്ളിൽ തന്നെ കോട്ടുവാ ഇട്ടുകൊണ്ടിരിക്കുന്നു. ബാബ മനസ്സിലാക്കിത്തരുകയാണ്– ഇത് ആസുരീയ ലോകമാണ്. ഇപ്പോൾ ദൈവീക ലോകം ഉണ്ടാവുകയാണ്, നമ്മുടെ പ്രധാന ലക്ഷ്യം ഇതുതന്നെയാണ്. ഈ ലക്ഷ്മീ നാരായണനായി മാറുക. ഏതെല്ലാം ചിത്രങ്ങളുണ്ടോ അവരുടെയെല്ലാം ജീവിതകഥ നിങ്ങൾക്ക് അറിയാം. മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനായി എത്ര പരിശ്രമം ചെയ്യുന്നു. നിങ്ങൾക്കും മനസ്സിലാക്കാൻ സാധിക്കും, ഇവർ കുറച്ച് ബുദ്ധിവാനാണ്. ഇവർ ഒന്നും മനസ്സിലാക്കുന്നില്ല. നിങ്ങൾ കുട്ടികൾ എത്ര ജ്ഞാനം എടുത്തോ അതിന് അനുസരിച്ചാണ് സേവനം ചെയ്യുന്നത്. ഗീതയുടെ ഭഗവാനാണ് മുഖ്യമായ കാര്യം. സൂര്യവംശീ ദേവീ ദേവതകളുടേത് ഈ ഒരേയൊരു ശാസ്ത്രമാണ്. വ്യത്യസ്തമല്ല. ബ്രാഹ്മണരുടേതും വേറെയല്ല. ഇത് മനസ്സിലാക്കേണ്ട വളരെ വലിയ കാര്യമാണ്. ഈ ജ്ഞാനമാർഗ്ഗത്തിലും മുന്നോട്ട് പോകവേ വികാരത്തിൽ വീണുപോയാൽ ജ്ഞാനം ഒഴുകിപ്പോകും. വളരെ നല്ല നല്ലകുട്ടികൾ ചെന്ന് വികാരിയായാൽ കല്ലുബുദ്ധിയായി മാറും. ഇതിൽ വളരെ അധികം വിവേകം വേണം. ബാബ എന്താണോ മനസ്സിലാക്കിത്തരുന്നത് അതിനെ അയവിറക്കണം. ഇവിടെ നിങ്ങൾക്ക് ഇത് വളരെ സഹജമാണ്, ഒരു ജോലിയോ പ്രശ്നങ്ങളോ ഇല്ല. പുറത്താകുമ്പോൾ ജോലി കാര്യങ്ങളുടെ എത്ര ചിന്തയുണ്ടാകും. മായ വളരെ വലിയ കൊടുങ്കാറ്റിലേയ്ക്ക് കൊണ്ടുവരും. ഇവിടെയാണെങ്കിൽ മറ്റൊരു ജോലിയുമില്ല. ഏകാന്തത നിറഞ്ഞിരിക്കുന്നു. ബാബ വീണ്ടും കുട്ടികളെ പുരുഷാർത്ഥം ചെയ്യിച്ചുകൊണ്ടിരിക്കുന്നു. ഈ ബാബയും പുരുഷാർത്ഥിയാണ്. പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നത് ശിവബാബയാണ്. ഇതിൽ വിചാര സാഗര മഥനം ചെയ്യണം. ഇവിടെ ബാബ കുട്ടികളുടെ കൂടെ ഇരിക്കുകയാണ്. ആരാണോ പൂർണ്ണമായും വിരൽ നൽകുന്നത് അവരെയാണ് സർവ്വീസബിൾ എന്നു പറയുന്നത്. ബാക്കി കോട്ടുവാ ഇടുന്നവർ നഷ്ടം ഉണ്ടാക്കുകയാണ് വീണ്ടും ഡിസർവ്വീസ് ചെയ്യുകയാണ്, വിഘ്നം ഇടുകയാണ്. ഇത് അറിയാ

വുന്നതാണ്– മഹാരാജാവും മഹാറാണിയുമായി മാറിയാൽ അവർക്ക് ദാസ ദാസിമാരും ആവശ്യമാണ്. അവരും ഇവിടെ നിന്നുതന്നെയാണ് വരുന്നത്. പഠിപ്പാണ് മുഴുവൻ ആധാരവും. ഈ ശരീരത്തേയും സന്തോഷത്തോടെ ഉപേക്ഷിക്കണം, ദുഃഖത്തിന്റെ കാര്യമില്ല. പുരുഷാർത്ഥം ചെയ്യാൻ സമയം ലഭിച്ചിട്ടുണ്ട്. ജ്ഞാനം സെക്കന്റിന്റേതാണ്, ശിവബാബയിൽ നിന്നും സമ്പത്ത് ലഭിക്കുന്നു എന്നത് ബുദ്ധിയിലുണ്ട്. അല്പം ജ്ഞാനം കേട്ടു, ശിവബാബയെ ഓർമ്മിച്ചു എങ്കിൽ പോലും വരാൻ സാധിക്കും. പ്രജകൾ ഒരുപാട് ഉണ്ടാകണം നമ്മുടെ സൂര്യവംശീ ചന്ദ്രവംശീ രാജധാനി ഇവിടെയാണ് സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. ബാബയുടേതായി മാറിയിട്ട് അഥവാ ഗ്ലാനി ചെയ്യുകയാണെങ്കിൽ വളരെ അധികം പാപം കയറും. പാതാളത്തിൽ പെട്ടതുപോലെയാകും. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ആരാണോ ഇരുന്ന് തന്റെ പൂജ ചെയ്യുന്നത് അവർ എങ്ങനെ പൂജ്യരാകും. സർവ്വരുടേയും സദ്ഗതി ദാതാവ്, മംഗളകാരി ഒരേയൊരു ബാബയാണ്. മനുഷ്യർ ശാന്തി എന്നതിന്റെ അർത്ഥം പോലും മനസ്സിലാക്കുന്നില്ല. ഹഠയോഗത്തിലൂടെ പ്രാണായാമങ്ങൾ ചെയ്യുക അതിനെ ശാന്തി എന്നു കരുതുന്നു. അതിലും വളരെ അധികം പരിശ്രമിക്കേണ്ടി വരുന്നു, ചിലരുടെ ബുദ്ധി തന്നെ കേടുവരുന്നു. പ്രാപ്തി ഒന്നും തന്നെയില്ല. അത് അല്പകാലത്തിലേയ്ക്കുള്ള ശാന്തിയാണ്. എങ്ങനെയാണോ സുഖത്തെ അല്പകാലത്തിലെ കാകവിഷ്ട സമാന സുഖം എന്നു പറയുന്നത് അതുപോലെ അതും കാകവിഷ്ട സമാനമായ ശാന്തിയാണ്. അത് അല്പകാലത്തിലേയ്ക്കുള്ളതാണ്. ബാബയാണെങ്കിൽ 21 ജന്മങ്ങളിലേയ്ക്കും സുഖവും–ശാന്തിയും രണ്ടും നൽകുന്നു. ചിലരാണെങ്കിൽ അവസാനം വരെ ശാന്തിധാമത്തിൽ ഇരിക്കും. അവരുടെ പാർട്ട് അതാണ്, അവർക്ക് ഇത്രയും സുഖം കാണാൻ സാധിക്കുമോ. അവിടെയും നമ്പർവൈസായി പദവി ഉണ്ടാകുമല്ലോ. ദാസ ദാസിയാണെങ്കിൽ ഉള്ളിലേയ്ക്ക് കയറാൻ സാധിക്കുമോ. കൃഷ്ണനെ കാണാനും കഴിയില്ല. എല്ലാവർക്കും വേറെ വേറെ കൊട്ടാരങ്ങൾ ഉണ്ടാകുമല്ലോ. കാണാൻ ഏതെങ്കിലും സമയം ഉണ്ടാകും. പോപ്പ് വരുകയാണെങ്കിൽ ദർശിക്കാൻ എത്രപേരാണ് വരുന്നത് അതുപോലെയായിരിക്കും. ഇങ്ങനെ ഒരുപാടുപേർ വരും, അവർക്ക് വളരെ അധികം പ്രഭാവം ഉണ്ടാകും. ലക്ഷക്കണക്കിന് മനുഷ്യർ ദർശനം നടത്താൻ പോകും. ഇവിടെ ശിവബാബയുടെ ദർശനം എങ്ങനെയുണ്ടാകും? ഇത് മനസ്സിലാക്കേണ്ട കാര്യമാണ്.

ഇത് ലോകത്തിലെ ഏറ്റവും ശ്രേഷ്ഠമായ തീർത്ഥസ്ഥാനമാണ് എന്നത് ഇപ്പോൾ എങ്ങനെ ലോകരെ അറിയിക്കും. ദിൽവാഡാ ക്ഷേത്രം പോലുള്ള ക്ഷേത്രങ്ങൾ അടുത്ത് വേറെയും ഉണ്ടാകും, അതും പോയി കാണണം. എങ്ങനെയാണ് ഉണ്ടാക്കിയിരിക്കുന്നത്. അവർക്ക് ജ്ഞാനം നൽകേണ്ട ആവശ്യം പോലുമില്ല. പിന്നീട് അവർ നിങ്ങൾക്ക് ജ്ഞാനം നൽകാൻ തുടങ്ങും. ഉപദേശം നൽകാറില്ലേ– ഇത് ചെയ്യണം, ഇങ്ങനെ ചെയ്യണം എന്ന്. ഇവരെ പഠിപ്പിക്കുന്നത് ആരാണ് എന്നത് അറിയില്ല. ഓരോരുത്തർക്കും മനസ്സിലാക്കിക്കൊടുക്കുന്നതിൽ പരിശ്രമമുണ്ട്. അതിനെക്കുറിച്ച് കഥകളുമുണ്ട്. പുലി വന്നു, പുലി വന്നു...... എന്നു പറഞ്ഞു. നിങ്ങളും മരണം വന്നിരിക്കുന്നു എന്നു പറയുന്നുണ്ട് പക്ഷേ അവർ വിശ്വസിക്കുന്നില്ല. ഇനിയും 40,000 വർഷം ബാക്കിയുണ്ട് മരണം എവിടെനിന്നു വരാനാണ് എന്ന് കരുതുന്നു. പക്ഷേ മരണം തീർച്ചയായും വരേണ്ടതാണ്, എല്ലാവരേയും തിരികെ കൊണ്ടുപോകും. അവിടെ ഒരു അഴുക്കും ഉണ്ടാകില്ല. ഇവിടെയുള്ള പശുവും അവിടെയുള്ള പശുവും തമ്മിൽ പോലും എത്ര വ്യത്യാസമാണ്. കൃഷ്ണന് പശുവളർത്തലാണോ ജോലി. അവിടെ അപരംഅപാരമായ സുഖമാണ്, അതിനായി പൂർണ്ണ പുരുഷാർത്ഥം ചെയ്യണം. എത്ര നല്ല നല്ല കുട്ടികൾ സെന്ററുകളിൽ നിന്നും വരുന്നു. കണ്ട് ബാബ എത്ര സന്തോഷിക്കുന്നു. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് പുഷ്പങ്ങൾ വരുന്നു. ആരാണോ പുഷ്പങ്ങൾ അവർ സ്വയം പുഷ്പമാണെന്ന് മനസ്സിലാക്കും. ഡൽഹിയിലും രാത്രിയും പകലും കുട്ടികൾ എത്ര സേവനം ചെയ്യുന്നു. ജ്ഞാനവും എത്ര ഉയർന്നതാണ്. മുമ്പ് ഒന്നും അറിയില്ലായിരുന്നു. ഇപ്പോൾ എത്ര പരിശ്രമിക്കേണ്ടി വരുന്നു. ബാബയുടെ അടുത്തേയ്ക്ക് മുഴുവൻ വാർത്തകളും എത്തുന്നുണ്ട്. ചിലർ കേൾപ്പിക്കും, ചിലർ കേൾപ്പിക്കില്ല കാരണം രാജ്യദ്രോഹികളും ഒരുപാടുണ്ട്. വളരെ ഫസ്റ്റ് ക്ലാസായവരും രാജ്യദ്രോഹിയാവുന്നുണ്ട്. തേർഡ് ക്ലാസും രാജ്യദ്രോഹിയാണ്. അല്പം ജ്ഞാനം ലഭിച്ചതും ഞങ്ങൾ ശിവബാബയുടേയും അച്ഛനാണ് എന്ന് കരുതുന്നു. ആരാണ് ജ്ഞാനം നൽകുന്നത് എന്ന് തിരിച്ച് അറിയുന്നില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1) വിശ്വത്തിന്റെ ചക്രവർത്തീ പദവി നൽകുന്ന ബാബയോട് വളരെ അധികം ബഹുമാനം ഉണ്ടാകണം.

ബാബയുടെ സേവനത്തിൽ തന്റെ ജീവിതത്തെ സഫലമാക്കണം, പഠിപ്പിൽ പരിപൂർണ്ണ ശ്രദ്ധ നൽകണം.

2) ബാബയിൽ നിന്നും ലഭിക്കുന്ന ജ്ഞാനത്തെക്കുറിച്ച് വിചാര സാഗര മഥനം ചെയ്യണം. ഒരിയ്ക്കലും വിഘ്നരൂപമായി മാറരുത്. ഡിസ്സർവ്വീസ് ചെയ്യരുത്. അഹങ്കാരത്തിലേയ്ക്ക് വരരുത്.

**വരദാനം – നാലു വിഷയത്തിലും ബാബയുടെ ഹൃദയത്തിനിഷ്ടപ്പെട്ട മാർക്ക് നേടുന്ന ഹൃദയ സിംഹാസനധാരിയായി ഭവിയ്ക്കട്ടെ.**

ഏതു കുട്ടികളാണോ നാലു വിഷയങ്ങളിലും നല്ല മാർക്കുകൾ നേടുന്നത്, ആദി മുതൽ അന്തിമം വരെയും നല്ല നമ്പറിലൂടെ പാസ്സാകുന്നത്, അവരെയാണ് പാസ്സ് വിത്ത് ഓണർ എന്നു പറയുന്നത്. ഇടയ്ക്കിടെ മാർക്കുകൾ കുറവായി പിന്നീട് ശരിയാക്കുക ഇതിൽ കാര്യമില്ല. എന്നാൽ എല്ലാ വിഷയത്തിലും ബാബയുടെ ഹൃദയത്തിനിഷ്ടപ്പെട്ടവർ മാത്രമാണ് ഹൃദയസിംഹാസനധാരിയാവുക. അതിനോടൊപ്പം തന്നെ ബ്രാഹ്മണ പരിവാരത്തിലും സർവ്വർക്കും പ്രിയപ്പെട്ടവർ, സർവ്വർക്കും സഹയോഗി, സർവ്വരുടെയും ബഹുമാനം പ്രാപ്തമാക്കുന്നവർ തന്നെയാണ്, ഹൃദയസിംഹാസനധാരിയും രാജ്യ സിംഹാസനധാരിയുമാകുന്നത്.

**സ്ലോഗൻ – ആരുടെ ഹൃദയത്തിലാണോ സദാ ഞാൻ ബാബയുടെത് ബാബ എന്റേത് എന്ന നിലയ്ക്കാത്ത നാദം മുഴങ്ങിക്കൊണ്ടിരിക്കുന്നത്, അവരാണ് ബാബയുടെ ഹൃദയത്തിനിഷ്ടപ്പെട്ടവർ.**